# സർഗ്ഗവീണ

വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

സർഗ്ഗവീണ

# ലിററിൽകൈററ്സുകൾ

## സമർപ്പിക്കുന്നു

വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

# സർഗ്ഗവീണ

വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

***ഞങ്ങളുടെ വിദ്യാലയവും വൈജ്ഞാനികതയുടെയും സർഗ്ഗാത്മഗതയുടെയും സമ്പത്തിനാൽ അനുഗ്രഹീതമാണ്. അറിവിന്റെയും ഭാവനയുടെയും ലോകത്തിലേക്ക് സർഗ്ഗവീണ ഏവരേയും സ്വാഗതം ചെയ്യുന്നു.***

## താളുകളിലൂടെ


.....3
വിരുന്നുകാർ.....3
.....5
വ്യാപാരിയുടെ മകൻ
ദേവദത്തൻ.....5
.....6
കാറ്റും ചൂട്ടും.....6
.....8
മാറ്റുരച്ച ഗ്രാമം.....8
.....9
വെള്ളപ്പൊക്കം.....9
അമ്മയാണ്ദൈവം.....10
അമ്മ.....11
1999-ലെ കാർഗിൽ യുദ്ധം.....12
കനിവിന്റെ മാലാഖ.....13
കൊച്ചു കേരളം.....14
നീതിയുടെ മഹത്വം.....15
.....15
പതാക.....16
പ്രളയം.....17
ഭൂമിയുടെ കണ്ണീരുറവകൾ.....18
ഭൂമിയുടെ നിലവിളി.....19
മനുഷ്യന് വേണ്ടി മാത്രം.....20
മനുഷ്യന്റെ ക്രൂരത.....21
.....22
രാഷ്ട്രതന്ത്രങ്ങൾ.....22
ശാസ്ത്രത്തിന്റെ സംഭാവനകൾ
.....23
ആത്മഹത്ത്യയുടെ
വഴിത്തിരിവുകൾ.....27
തുമ്പപ്പൂവ്.....32
കുഞ്ചൻ നമ്പ്യാർ.....33
പൂക്കാലം.....34
പ്രായത്തിന്റെ അറിവില്ലായ്മ്മ
.....35
മഴവില്ല്.....38
മായാത്ത കാഴ്ചകൾ.....40
ഒരു മഴയുടെ തുടക്കം.....41
കുറുക്കനും കൊക്കും.....43
സൂര്യനും അഗ്നിപർവതങ്ങളും.....44
പൂവിന്റെ കല്ല്യാണം.....45
കാടറിയാതെ മേടറിയാതെ.....45

## *വിരുന്നുകാർ*

ജനുവരി വന്നു ജനല്വ തുറന്നു
നവവർഷത്തിൽ വരവായി.
ഒട്ടും വൈകാതെത്തീടുമല്ലോ
പട്ടു പുതച്ചൊരു ഫെബ്രുവരി,

28 ന് മുനിൽ പോയാൽ
പിന്നെ വരുന്നത് മാർച്ചങ്കിൾ
വിഡ്ഢി ദിനത്തിൽ കേറി വരുന്നു
എപ്രിൽ കുട്ടാൻ കോമാളി,

എങ്ങും പുത്തൻ പൂക്കണിവയ്ക്കാൻ
എത്തും സുന്ദരി മേയ് റാണി
ഇടിയും മഴയും പൊടിപൂരമായ്
അടിപച്ചെത്തും ജൂൺ മാസം,

ജൂൺ മറിഞ്ഞാൽ പിന്നെ കാണ്യം
ജൂലൈ എന്നൊരു കെങ്കേമൻ
ആഗസ്റ്റ് ആയാൽ ദാരതമെങ്ങും
സ്വതന്ത്ര്യത്തിൻ കൊടിയേറ്റം

സെപ്റ്റംബറിനെ തൊട്ടു തലോടി
ഓണം പതിവായിയെത്തീടും
ഒക്ടോബറായാൽ അറിയാം നമ്മുടെ
രാഷ്ട്രപിതാവിൻ ജന്മദിനം,
ചാച്ചാജിയുടെ ഓർമ്മ പുതുക്കാൻ
മെല്ലെ നവംബർ എത്തീടും
ഡിസംബർ ആയാൽ ക്രസ്തുമസായി
വർഷന്ത്യ്യാത്തിൽ നാളായി.

# സർഗ്ഗവീണ



വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

# *വ്യാപാരിയുടെ മകൻ ദേവദത്തൻ*

മനസ്സിൽ തീരുമാനിച്ചുറപ്പിച്ചു.രാത്രിയിൽ പിതാവ്കച്ചവടം കഴിഞ്ഞ് വീട്ടിലേക്ക് തി രി ച്ചെത്തിയപ്പോൾ ദേവദത്തൻ വാതിൽ തുറന്നില്ല. പിതാവ് വളരെ

**അധികം അമ്പരന്നുപോയി. പിതാഒരിടത്ത് ഒരു ഗ്രാമമുണ്ടായിരുന്നു അവിടെ വലിയ അഹങ്കാരിയും,അത്യാഗ്രഹിയുമായിരുന്നു**

**അയ്യാൾക്ക് ദേവദത്തൻ എന്ന് പേരുള്ള ഒരു മകനുണ്ടായിരുന്നു.മകൻ വളരെ ദാനശീലനും,**

**മ നസ്സിൽ നന്മയുമുള്ളവനുമായിരുന്നു.ഒരു പ്രാവശ്യം അവന്റെ വീട്ടിൽ അവൻ ഭക്ഷണം**

ഴിക്കുകയായിരുന്നു .അപ്പോൾ ദേവദത്തന്റെ വീട്ടിൽ അവന്റെ അച്ചൻ ഇല്ലായിരുന്നു കച്ചവടസാധനങ്ങളുമായി ചന്തയിൽ പോയിരുന്നു അവന്റെ അച്ചൻ ദേവദത്തൻ

**നോക്കിനിൽക്കെ അവന്റെ വീട്ടിൽ ഒരു ഭിക്ഷക്കാരൻ വന്നു ദേവദത്തൻ അയ്യാളുടെ അടക്കലേക്ക്**

**പോയി ഭക്ഷക്കാരൻ അപ്പോൾ പറഞ്ഞു."പ്രിയപ്പെട്ട ബാലകാ എന്തെങ്കിലും ഭക്ഷണം കഴിക്കാൻ**

**ത രുമോ വീട്ടിൽ എന്റെ ഭാര്യയും മക്കളും വിശന്നുകരയുകയാണ് അവരുടെ വിശപ്പടക്കാനെങ്കിലും**

എനിക്ക് ഭക്ഷണം തരുമോ."ദേവദത്തൻ മനസ്സിൽ വിചാരിച്ചു."പാവം ഭിക്ഷക്കാരൻ അയ്യൽക്കും

അയ്യാളുടെ മക്കൾക്കും നല്ല വിശപ്പുണ്ട്.ദേവദത്തൻ പിന്നെയൊട്ടും ആലോജിച്ചു നിൽക്കാതെ, താൻ കഴിച്ചുകൊണ്ടിരുന്ന ഭക്ഷണങ്ങളും,പിന്നെ അടുക്കളയിൽ നിന്നും ധാരാളം ഭക്ഷണ

പദാർത്ഥങ്ങളും നൽകി കൂടാതെ പിതാവിന്റെ പണപ്പെട്ടിയിൽ നിന്നും കുറച്ച് പണവും ദേവദത്തൻ ആ ഭിക്ഷക്കാരന് സമ്മാനിച്ചു.ഇത് ഏറ്റുവാങ്ങിയപ്പോൾ ഭിക്ഷക്കാരന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.അപ്പോഴാണ് ദേവദത്തന്റെ പിതാവ് അവിടേക്ക് വന്നത്.അദ്ദേഹം ആ ഭിക്ഷക്കാരന്റെ കൈയിൽ നിന്നും ദേവദത്തൻ സമ്മാനിച്ച ഭക്ഷണപദാർത്ഥങ്ങളും പണവും ദേഷ്യത്തോടെ പിടിച്ച് വാങ്ങി.എന്നിട്ട് ഭിക്ഷക്കാരനെ ശകാരിച്ച് അവിടന്ന് പറഞ്ഞുവിടുകയും ചെയ്തു ഇതെല്ലാം കണ്ണീരോടെ നോക്കിനിൽക്കുകയായിരുന്നു ദേവദത്തൻ. പിതാവിന്റെ ഉള്ളിൽ നിന്നും അഹങ്കാരത്തെയും,

അത്യാഗ്രഹത്തെയും തുടച്ച് നീക്കണമെന്ന് ദേവദത്തൻ വ് മകനോട് കേണപേക്ഷച്ച ദേവദത്തൻ വാതിൽ തുറന്നില്ല.

തനിക്ക് ഭക്ഷണമെങ്കിലും തരാൻ പിതാവ് ആവിശ്യപ്പെട്ടു. പക്ഷെ ദേവദത്തൻ അതിന് സമ്മതിച്ചില്ല. പുറത്ത്

നല്ല മഞ്ഞുണ്ടായിരുന്നു പുഖത്ത് കിടന്നാൽ പനിവരുമെന്നു കരുതി ഏതെങ്കിലും വീട്ടിൽ ഈ രാത്രി അഭയം

തേടാം എന്ന് അദ്ദേഹം തീരുമാനിച്ചു.ഓരോ വീട്ടിലും വാതിൽ തട്ടി വിളിച്ചപ്പോൾ ആരും വാതിൽ തുറന്നില്ല.

അവസാനം ഒരു കുടിലിലെ വാതിൽ തുറന്നു. അവിടെ രണ്ട് കുഞ്ഞുങ്ങൾ വിശന്നു കരയുന്നത് കണ്ടു.

കുഞ്ഞുങ്ങളെ നേക്കി നിസ്സഹയായി കരയുന്ന അമ്മ. പിന്നെ അവിടെ നോക്കിയപ്പോൾ തന്റെ വീട്ടിൽ രാവിലെ

വന്ന ഭക്ഷക്കാരൻ. ഭക്ഷക്കാരനോട് താൻ ചെയ്ത കാര്യങ്ങൾ ആലോചിച്ചപ്പോൾ വ്യാപാരിക്ക് കുറ്റബോധം തോന്നി.

തന്റെ കൈയിലുള്ള പണം കൊണ്ട് അദ്ദേഹം അവർക്ക് ധാരാളം ഭക്ഷണങ്ങൾ വാങ്ങിച്ചുകൊടുത്തു. അവരുടെ

സന്തോഷം കണ്ട് വ്യാപാരിയുടെ കണ്ണ് നിറഞ്ഞുപോയി. അദ്ദേഹം ഒരു കാര്യം മനസ്സിലാക്കി. മനസ്സിൽ

അഹങ്കാരവും, അത്യാഗ്രഹവും കൊണ്ടുനടന്നാൽ എന്തു പ്രയോജനം. ദാനം മഹത്ത്വമുള്ള ഒരു കർമ്മമാണെന്ന്

അദ്ദേഹം മനസ്സിലാക്കി.അന്നുരാത്രി അദ്ദേഹം ആ കുടിലിൽ താമസ്സിച്ചു. രാവിലെ നേരം പുലർന്നു. അദ്ദേഹം

കണ്ണ് തുറന്ന് നോക്കിയപ്പോൾ തന്റെ മകൻ മുമ്പിൽ നിൽക്കുന്നു ദേവദത്തൻ ഓടിചെന്നു പിതാവിന്റെ കാൽക്കൽ

വന്ദിച്ചു. എന്നിട്ടു പറഞ്ഞു"അച്ഛാ എന്നോടു ക്ഷമിക്കണേ. അച്ഛന് നല്ല മനസ്സുവരാൻ വേണ്ടിയാണ് ഞാൻ ഇതൊക്കെ

ചെയ്തത്."പിതാവ് ദേവദത്തനെ എണീപിച്ചു എന്നിട്ട് പറഞ്ഞു."മോനെ നീ എന്തു തെറ്റാണ് ചെയ്തത്. തെറ്റ്

ചെയ്തത് മുഴുവൻ ഞാനല്ലേ നീ ആണ് മോനെ നല്ല മകൻ. നീ അച്ഛന്റെ തെറ്റ് മനസ്സിലാക്കിത്തന്നല്ലോ." ഇതും

പറഞ്ഞുകൊണ്ട് പിതാവ് അവനെ അനുഗ്രഹിച്ചു. അതിനു ശേഷം നല്ല മനസ്സും, ദാനശീലനും,കരുണയുമുള്ളവനായി

ദേവദത്തന്റെ പിതാവ് മാറി

*രാകേഷ്.*

സർഗ്ഗവീണ

# കാറ്റും ചൂടും



വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

ഒരു കൃഷിക്കാരൻ ദൂരെയുള്ള ഒരു കൂട്ടുകാരന്റെ വീട്ടിൽ പോയിട്ട് സ്വന്തം വീട്ടിലേക്ക് മടങ്ങുകയായിരുന്നു. വേനൽ കാലമായിരുന്നതിനാൽ വല്ലാത്ത ചൂട് ഉണ്ടായിരുന്നു. ചൂട് സഹിക്കാൻ വയ്യാതെ അയാൾ വല്ലാതെ കഷ്ട്പ്പെട്ടു. ഇട്ടിരുന്ന ഉടുപ്പ് അഴിച്ച് വീശികൊണ്ടിരുന്നു അയാളുടെ യാത്ര "എന്റെ ദൈവമേ! ഇതെന്തൊരു ചൂടാണ്! സൂര്യൻ എന്തിനിങ്ങനെ ഞങ്ങളെ കഷ്ടപ്പെടുത്തുന്നു. ഞങ്ങൾ എന്തു കുറ്റം ചെയ്തിട്ടാണ് ഈ ശിക്ഷ. ഈ സൂര്യൻ ഇല്ലാതിരുന്നാലും കുഴപ്പം ഒന്നും ഉണ്ടാകുമായിരുന്നില്ല. നല്ല കാറ്റുണ്ടെ ങ്കിൽ സുഖമായി ജീവിക്കാം അങ്ങനെയായിരുന്നു അയാൾ നടക്കുന്നതിനിടയിൽ പിറുപിറുന്നു കൊണ്ടിരുന്നത്. കുറച്ചു സമയം കടന്നുപോയി, അയാൾ അപ്പോഴും നടക്കുകയായിരു.

. . കുറശ്ശേ കുറശ്ശേ ചൂട് കറഞ്ഞു വന്നു. ചെറുതായി കാറ്റും വീശിത്തുടങ്ങി. കൃഷിക്കാരന് സുഖം തോന്നി. അയാൾ സമാധാനത്തോടെ മുന്നോട്ട് പോയി. വീശികൊണ്ടിരുന്ന കൈ പതുക്കെ താഴോട്ട് കൊണ്ടുവന്നു. കാറ്റ് മുതുകിൽ തട്ടിയപ്പോൾ

“ ഹായ്! എന്തു സുഖം! എന്തു രസം!.” അയാൾക്ക് സുഖം കുറേക്കൂടി അനുഭവിക്കണമെന്ന് തോന്നി. ഉടുപ്പ് തോളിലിട്ടുകൊണ്ട് കുറച്ചു ദൂരം കൂടി നടന്നു. കാറ്റിന്റെ ശക്തി കൂടിക്കൂടി വന്നു. ഇപ്പോൾ മുതുകിൽ തട്ടുന്ന കാറ്റിന് ശക്തി തോന്നി. എന്നിട്ടും അയ്യാൾ അത് വകവെച്ചില്ല. വീണ്ടു മുന്നോട്ട് നടന്നപ്പോൾ കാറ്റിന്റെ ശക്തി വളരെ കൂടി. അയാൾക്ക് നല്ല തണുപ്പ് തോന്നി. ഉടുപ്പ് തോളിൽ നിന്നെടുത്ത് അതുമിട്ട് കൊണ്ടായി പിന്നത്തെ യാത്ര. എന്നിട്ടും തണുപ്പ് കുറയുന്നില്ല. കാരണം കാറ്റിന്റെ ശക്ഷി കൂടിക്കൂടി വരികയായിരുന്നു. ചെടികളിൽ നിന്നും മരങ്ങളിൽ നിന്നും ഇലകൾ കൊഴിഞ്ഞു വീഴാൻ തുടങ്ഹി. ചെറിയ കൊമ്പുകൾ പോലും കാറ്റിന്റ ശക്തികൊണ്ട് ഒടിഞ്ഞു വീണു. അയാൾക്കാണെങ്കിൽ തണുപ്പ് സഹിക്കാൻ വയ്യാതായി.

രാത്രിയായി, കാറ്റിന്റെ ശക്തി വല്ലാതെ വർദ്ധിച്ചു ഇരുട്ടും തണുപ്പും കാരണം കൃഷിക്കാരന് മുന്നോട്ടുള്ള വഴി കാണാൻ പറ്റാതായി. അയാൾ വളരെ പ്രയാസപ്പെട്ട് ആ രാത്രി ഒരു മരത്തിൽക്കീഴിൽ കഴിച്ചുക്കൂട്ടി. “ദൈവമേ സൂര്യനുദിച്ചാൽ മതിയായിരുന്നു. സൂര്യന്റെ ചൂടേറ്റിട്ട് പിന്നെ മരിച്ചാലും വേണ്ടില്ലായിരുന്നു. ആ ചൂടിന്റെ സുഖം ഒന്നുംകൂടി അനുഭവിക്കുന്നത് വരെ ആ മരത്തിൽ കീഴിൽ തണുത്ത് വിറച്ച് അയാൾ കഴിച്ചുക്കൂട്ടി, സൂര്യനെ കാണാനുള്ള ഒരൊറ്റ ആശയുമായി.

രാവിലെയായി കാകാ എന്നു കരഞ്ഞുകൊണ്ട് കാക്കകൾ കലപില കൂട്ടി 'കള കള 'എന്ന് ശബ്ദിച്ചുകൊണ്ട്മറ്റുപക്ഷികളും കൂടുവിട്ട് പുറത്തിറങ്ങി സൂര്യനും പതുക്കെ ഉദിച്ചുയർന്നു. സൂര്യന്റെ ചെറുചൂട് പുറത്ത് തട്ടിയപ്പോൾ കൃഷിക്കാരൻ എന്തെന്നില്ലാത്ത സുഖം തോന്നി. വലിയ ഉത്സഹാത്തോടെ സ്വന്തം വീട്ടിലേക്ക് നടന്നു തുടങ്ങി. തലേ രാത്രിയിലെ കാട്ടിന്റെ കാര്യം ഓർമമിച്ചപ്പോൾ തന്നെ അയാൾ കിടുങ്ങി പോയി . സൂര്യന്റെ ചൂടും കാറ്റും ഒക്കെ നമുക്ക് വേണം. ഒന്നും ഒന്നിനേക്കാൾ വലുതല്ല എന്നയാൾക്ക് തോന്നി കാററും ചൂടും മഴയും എല്ലാം ഒരുപോലെ നേടാനുംനഷ്ട്ടപ്പെടാനും നാം തന്നെയാണ് കാരണക്കാരെന്ന് മനസ്സി ൽ വിധിയെഴുതി

സർഗ്ഗവീണ

വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

# *മാറ്റരച്ച ഗ്രാമം*


ചന്ദ്രഗിരിയിലെ നെയ്ത്ത് കുടുംബത്തെപ്പറ്റി അറിയാത്തവരായി ആരും തന്നെയില്ല. പരമ്പരാഗത-

രീതിയിലുള്ള നെയ്ത്ത് രീതികൾ പിൻതുടർന്നിരുന്നത് ഈ കുടുംബക്കാരാണ് ചന്ദ്രഗിരിയിലെ

ജൻമി എന്ന് വേണമെങ്കിൽ ഇവരെ പറയാം.കാരണം വസ്ത്രം ധരിക്കനമെങ്കിൽ നെയ്തെടുത്ത തുണിവേണം

അപ്പോൾ നെയ്ത്തിന്റെ ഡിമന്റും കൂടുമല്ലോ. അറുപിശുക്കരാണ് ഈ കുടുംബക്കർ കുടുംബത്തിൽ ആരൊക്കെ-

യുണ്ടെന്ന് പറയാൻ വിട്ടുപോയി. അച്ഛനും രണ്ട് ആൺ മക്കളും ഒരു മുത്തശ്ശിയും അച്ഛൻ അറുപിശുക്കനാണ്



അതോടൊപ്പം കോടീശ്വരനും. സ്വന്തം നാടിന്റെ ഉന്നതത്തിന് വേണ്ടി അയ്യാൽ ഒരു ചില്ലികാശുപോലും

ഉപയോഗിച്ചിട്ടില്ല. ചന്ദ്രഗിരിയിൽ ഒരു സ്കൂളോ ആശുപത്രിയോ അംഗൻവാടിയോ ഒന്നും തനെ ഇല്ലായിരുന്നു

അതുകൊണ്ടു തന്നെ അവിടത്തെ ആൾക്കാർക്ക് വിദ്യാഭ്യാസമോ അസുഖം വന്നാൽ നല്ല ചികിത്സയോ

കിട്ടാറില്ലായിരുന്നു. എന്നാൽ ചന്ദ്രഗിരികോട്ടയിലെ ആ കോടീശ്വരൻ തന്റെ സ്വന്തം കാറിൽ പോകുമായിരുന്നു ഇയ്യാളുടെ മൂത്ത മകൻ നാടിനെയും നാട്ടുകാരെയും സ്നേഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു

സർഗ്ഗവീണ

വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

# *വെള്ളപ്പൊക്കം*

**ജലമേന്തിയോടിക്കിതച്ച മേഘം**
**മലയിൽത്തടഞ്ഞു കവിഴ്ന്ന വീണു**
**കൊട്ടുമുടിയിലേക്കുരുളും കുടത്തിന്റെ**
**ചടപട ശബ്ദങ്ങൾ കേൾപ്പതില്ലേതണ്ണീർ**
**ചിതറിത്തെറിപ്പതു കാണ്മതില്ലേ**
**പുഴയിൽ മഴവെള്ളം പൊങ്ങിവന്നു**
**കരകൾ കവിഞ്ഞു, വയൽ നിറഞ്ഞു**
**പടിയോളം വന്നെത്തി, തെടിയിലും ചന്നത്തി**

**ഞൊടിയിലീ മുറ്റത്തുമോടിയെത്തും,**
**വെള്ളമൊട്ടുവിലിറയത്തു മേറിമെത്തും**
**ചെറുവഞ്ചി വേഗമിറക്കി വയ്ക്കു**
**കുറിയ നയമ്പും തിരഞ്ഞെടുക്കു**
**തൊടിയീന്നു വയലിലും, വയലീന്നു പുഴയിലും**
**പുഴയീന്നു കടലിലും പോയിവരുകയും**
**തുഴയുമായൊന്നു പൊരുതിടേണം**
**കുതിരുപോൽ വാശിത്തിമിർപ്പിനോടെ**

**കുതികൊണ്ടുമോടി വയലിലൂടെ**
**കരിനിറവളനീരിലണിയം തൊണ്ടുഴുതുവൻ**
**കുമിള വെൺവിത്ത് വിതച്ചിട്ടും ഞാൻതിരു-**
**ക്കളകൾ നൈമ്പാൽ കൊത്തി നീക്കിട്ടും ഞാൻ**

വയലും പുഴയും കടന്നു പോകാം
കടലിൽക്കടലിൽ പകർന്നുപോകാം
പഴയക്കാലത്തു കൊളംബസ്സപോയപ്പോൽ
പുതിയലോകങ്ങൾ തിരിഞ്ഞുപോകാം നമ്മൾ

ഉലകിൻ പുലരിയിലീടിക്കുടി
ഉരുകാത്തവെൺക്കുളിർ മഞ്ഞുമൂടി
ധ്രുവദീപ്തി തുള്ളിക്കളിക്കുന്നതായൊരു
നവലോകമേറെ പടക്കുണ്ടത്രേ മിന്നും
ധ്രുവനതിൻ നേരെ മുകളിലത്രെ
അകളങ്കരെസ്കിമോ പിള്ളർചെമ്മേ
അവിടെ പ്രതീക്ഷിച്ചിരിപ്പു നമ്മെ
അതിദൂരമാമേതോ ജന്മത്തിൽ

അറുപതു നാഴിക നിന്നുപെയ്യും
നറുനിലാവത്തു നാം നൃത്തം ചെയ്യും
ഉരുളറ്റ നായ്വണ്ടിയേറി നീൾക്കുന്തമാർ-
ന്നുരുകാത്ത മഞ്ഞിൽപ്പുഞ്ഞുറങ്ങും വെള്ള-
ക്കരടിവേട്ടയ്ക്കു മുതിർന്നിറങ്ങും
തിരകളുറഞ്ഞതിൻ കീഴിൽമേവും
നരയണി സ്സീൽ മീൻ തിരുഞ്ഞുപോകും
വെള്ളപ്പൊക്കം

അഭിനന്ദ്.

# അമ്മയാണ്ദൈവം

അമ്മയാണു എല്ലാം

അമ്മയാണു ദൈവം

അമ്മ നമ്മളെ ജീവിപ്പിച്ചു

അമ്മയാണ് ലക്ഷ്മി

അമ്മയാണ് ധനം

അമ്മയാണ് നമ്മുടെ ധൈര്യം

സൗഭാഗ്യമാണെന്റെ അമ്മ

ആദർഷ് എസ്.പി

8b

# അമ്മ

എന്നും മാതൃകപോലെ നിൽക്കും അമ്മ

സ്നേഹം നിറയുന്ന കൈകൾ നീട്ടും

സ്നേഹം തുളുമ്പുന്ന കണ്ണുമായി

എന്റെയുള്ളിൽ എന്നുമെൻ അമ്മ മാത്രം

അമ്മയല്ലാതെ മറ്റൊരു ദൈവം എന്നുള്ളിലില്ല

അമ്മ എന്നെ എത്ര കോപിച്ചാലും എന്നുള്ളിൽ

എന്നും അമ്മയുടെ സ്നേഹം മാത്രം

അമ്മ തരുന്ന ചോറുരുള

സ്നേഹത്തോടെ ഞാൻ വാങ്ങിക്കഴിക്കും

അമ്മ പഠിപ്പിച്ച ഭാഷയെല്ലാം

എന്നുമെനിക്കത് സ്നേഹമാണ്

അനന്ദു.എസ്

# 1999-ലെ കാർഗിൽ യുദ്ധം

കാശ്മീരിലെ കാർഗിൽ പ്രദേശത്ത് *1999*-ൽ നടന്ന ഇന്ത്യാ-പാക്ക് യുദ്ധമാണ് കാർഗിൽ യുദ്ധം എന്നറിയപ്പെടുന്നത്. മേയ് മുതൽ ജൂലൈ വരെ ഈ യുദ്ധം നീണ്ടു നിന്നു.

ഇന്ത്യ-പാക്ക് അതിർത്തിയിൽ അസാധാരണമായ തോതിൽ പാക്ക് സൈനീകനീക്കം നടക്കുന്നത് മേയ് എട്ടിനാണ് ഇന്ത്യൻ സൈന്യത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. പാക്ക് അധിനിവേശ കശ്മീരിൽ നിന്നും നുഴഞ്ഞുകയറ്റക്കാർ നിയന്ത്രണരേഖ കടന്നുവന്നതായി സൈന്യത്തിനു മനസ്സിലായി.

ശീതകാലത്തു മഞ്ഞു മൂടുമ്പോൾ കാർഗിൽ പിടിച്ചടക്കുകയായിരുന്നു പാക്കിസ്ഥാന്റെ ലക്ഷ്യം. നുഴഞ്ഞുകയറ്റക്കാരെ തുരത്താൻ അതിർത്തിസംരക്ഷണ സേനയ്ക്ക് കഴിയാതെ വന്നതോടെ സൈന്യം രംഗത്തിറങ്ങി.

"ഓപ്പറേഷൻ വിജയ്"എന്ന് ഇന്ത്യ പേരിട്ട ഈ സൈനീക നടപടി രണ്ടര മാസത്തിലധികം നണ്ടു. നുഴഞ്ഞു കയറ്റക്കാർ കീഴടക്കിയ പ്രദേശങ്ങൾ മുഴുവൻ തിരിച്ചു പിടിക്കാൻ ഇന്ത്യൻ സൈന്യത്തിനായി. *1999* ജൂലൈ *26* ന് യുദ്ധം അവസാനിച്ചു. ഇന്ത്യൻ സൈനികരാണ് ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടത്

അശ്വിൻ .ജെ. ബി

*7 .b*

# *കനിവിന്റെ മാലാഖ.*

**കാളീഷ്വട്ടിലെ തെരുവിൽ മരണത്തോട് മല്ലിടുകയായിരുന്നു അയ്യാൾ. ക്ഷയരോഗം കടുത്ത് ധർമാശുപത്രിയിൽ നിന്നും പുറത്തിറഞ്ഞിയ അയ്യാളെ കണ്ട് വഴിയ്രൂക്കാർ മുഖം തിരിച്ച് കടന്നുപോയി.**

**അപ്പോഴാണ് വെള്ളവസ്ത്രം ധരിച്ച ഒരു സന്യാസിനി ആ വഴി വന്നത്. ഒരു നിമിഷം പോലും ആലോചിക്കാതെ അവർ അയ്യാളെ താങ്ങി എടുത്ത് നിർമൽ ഹൃദ്യ എന്ന അഭയകേന്ദ്രത്തിലേക്ക് കൊണ്ട് വന്നും സ്നേഹത്തോടെ അവർ അയ്യാളെ പരിചരിച്ച കാളി ക്ഷേത്രത്തിലെ പൂജാരിയായിരുന്ന അയാൽ മരണം തോട്ടടുത്തെത്തിയ നിമിഷങ്ങളിലൊന്നിൽ നിറകണ്ണുകളൊടെ അവരെ നോക്കി മന്ത്രിച്ച . ഇതെന്റെ ജീവിക്കുന്ന ദേവിയാണ് എന്റെ കാളി മാതാവ്.**

**ആ സന്യാസി മദർ തെരേസയായിരുന്നു. കൊൽക്കത്തയിലെ ചേരികളിൽനിന്ന് അനേകായിരം മൈൽ അകലെയാണ് മദർതെരേസയുടെ ജീവിതം തുടങ്ങുന്നത്.**

**മദർ തെരേസ**

**ഷിജു രാജ്**


***7A***

# *കൊച്ചു കേരളം*

പ്രകൃതി ഭംഗിയമുറ്റം  കൊള്ളും മലയാളനാടേ കേര വൃക്ഷത്തോപ്പുകൾ തിങ്ങി നിൽക്കും കേരളനാടേ ഹരിതവനങ്ങൾ നിറഞ്ഞുനിൽക്കുന്നോരു കൊച്ചു കേരളമേയുണ്ടെന്ന് നിനക്കറിയാമോ?

അളിമരളം നാഗം മുതൽ പഞ്ചനഖം കുംഭി മൃഗരാജൻ വരെ പലജാതിയല്ലോ കൊണ്ടു തീർത്തോരു സൗധങ്ങൾ ശിരസ്സുകാട്ടി നിൽക്കുന്നോരു നിന്നിൽ വസിക്കും നരന്മാരെത്രയുണ്ടെന്ന് നിനക്കറിയാമോ?

നിന്നിൽ വസിക്കും മാനവർ പത്തല്ല നൂറല്ല ലക്ഷങ്ങളാണ് പോൽ ദക്ഷിണാർദ്ധത്തിലും ദക്ഷിണമായി തന്നെ കിടക്കുന്ന കൊച്ചു കേരളമേ നിന്നിൽ വസിക്കുന്ന നാരിമാരെത്ര!



മലയാള മാപ്പിളകളെ കൊതിക്കാത്ത പുരുഷാരമേതുണ്ടീ ലോകത്തിൽ നാരികളബലകളെന്നാകിലുമിന്നീ കേരള സുന്ദരികളതിബലകളാണല്ലോ.........

അഭിഷേക് .എസ്.എസ്

7a

# *നീതിയുടെ മഹത്വം*

ഒരു വേനൽക്കാല കൊട്ടാരം. പണിയാൻ ഒരിക്കൽ ഒരു രാജാവ് തീരുമാനിച്ചു. അദ്ദേഹത്തിന്റെ മന്ത്രി അതിനു പറ്റിയ ഒരു സ്ഥലം കണ്ടുപിടിച്ചു. രാജാവ് ആ സ്ഥലം സന്ദർശിച്ചപ്പോൾ അവിടെ അടുത്തു ഒരു കർഷകന്റെ വീട് കണ്ടു.കർഷകന്റെ വീട് അവിടെ നിന്നും നീക്കം ചെയ്യണമെന്ന് രാജാവ് തീരുമാനിച്ചു. അദ്ദേഹം കർഷകനെ വിളിച്ച് പറഞ്ഞു. "നീ ഇവിടെ നിന്നും ഒഴിഞ്ഞ് പോകണം നിനക്ക് ഞാൻ നല്ല തുക തരാം"

ഇത് കേട്ട് കർഷകൻ പറഞ്ഞു. "എടോ വിഡ്ഢി! നിനക്ക് നിന്റെ ജീവിതത്തിൽ ഒരിക്കലും കാണാൻ കഴിയാത്ത ഒരു സംഖ്യ അതിന് പ്രതിഫലമായി തരാം എന്നെല്ലാം ഞാൻ പറഞ്ഞു. പിന്നെ എന്തുകൊണ്ട് നിനക്ക് ഇവിടെ നിന്ന് മാറി താമസിച്ച്കൂടെ"

അപ്പോൾ കർഷകൻ താഴ്മയോടെ പറഞ്ഞു. "തമ്പുരാനെ ഇത് എന്റെ പൂർവ്വികരുടെ സ്ഥലമാണ്. എന്റെ പിതാവ് ഇവിടെയാണ് ജനിച്ചത് ഞാനും ഇവിടെ കൊണ്ട് ഓർമ്മകളെ വിലയ്ക്കു വാങ്ങാൻ കഴിയില്ല."

പൂർവ്വികരോടും പൈതൃകമായി കട്ടിയ സ്വത്തിനോടുമുള്ള കർഷകന്റെ സ്നേഹം കണ്ട് രാജാവിന് പ്രീതി തോന്നി. രാജാവ് ആ കുടിലിന് അരികിൽ തന്നെ തന്റെ കൊട്ടാരം പണിതു. രാജാവ് അഭിമാനത്തോടെ പറഞ്ഞു. "എന്റെ കൊട്ടാരത്തിൽ ഭംഗിയും ആ കുടിലിൽ പൈതൃകവും നില നിൽക്കുന്നുണ്ട്"

പൈതൃകം അമൂല്യമാണ്

Abhishek.A
7B

# *പതാക*

ചന്തമുള്ളൊരു മുവർണ്ണകൊടി

ഞാൻ ഉണ്ടാക്കി എടുത്തല്ലൊ

കുങ്കുമവും തുവെള്ളയിും അടിയിൽ

പച്ചയും ഓന്നായി ചേർന്നല്ലൊ നടുക്ക് നീലനിറത്തിൽചക്രം

ആഹാ എന്തൊരു രസമാണേ



അബ്ദുള്ള.ഐ

7A

# പ്രളയം

പ്രളയം വന്നാലും ദുരന്തം വന്നാലും
മനുഷ്യർ എന്നാളും ഭേദം തന്നെ
പ്രളയത്തിൽ കൈ കോർത്തും ജാതു-
ചിന്തയിൽ കൈവിട്ടും മനുഷ്ര്
അങ്ങനെ ജീവിക്കുന്ന
മൃഗങ്ങൾ ചിന്തയില്ലായെന്നാൾ
മനുഷ്യർക്കു വിവേക ബുദ്ദിയില്ല.

# ഭൂമിയുടെ കണ്ണീരുറവകൾ

മലചുരത്തിയ നീരുറകൾ അണകൾ കെട്ടി അടച്ച നാം
പുഴയൊഴുകിയ വഴികളൊക്കെയുമതിരു കല്ലുകൾ പാകി നാം
കുന്നിടിച്ച നിരത്തി നാം പുഴകളൊക്കെ നികത്തി നാം
പണിതു കൂടി രമ്യഹർമ്യം കൃഷി നിലങ്ങൾ നികത്തി നാം
മലചുരത്തിയ നീരുറവകൾ അണകൾ കെട്ടി അടച്ച നാം
ദാഹനീരതുമൂറ്റി വിറ്റുനേടി കോടികളന്നു നാം
ഭൂമി തന്നുടെ നിലവിളി അതു കേട്ടതില്ല അന്നു നാം
പ്രകൃതി തന്നുടെ സങ്കടം അന്ന് നിറഞ്ഞൊരു നാളിൽ നാം
കൈ പിടിച്ച കയത്തിലായൊരു ജീവിതം തിരികെത്തരാൻ
ഒത്തു ചേർന്നു നമ്മൾ അന്ന് ഒരു മനസ്സായി അണു നാം
ജാതി ചിന്തകൾ വർഗ്ഗവൈരികൾ ഒക്കെയന്ന് മറന്ന് നാം
ഇനി ഒരിക്കലൊരൊത്തു ചേരലിനൊരു ദുരന്തം കാക്കണോ?
മലചുരത്തിയ നീരുറകൾ അണകൾ കെട്ടി അടച്ച നാം

Abhiraj.A.S
8.B

# ഭൂമിയുടെ നിലവിളി

ഭൂമിയിലിതാ മാലിന്യം ഉയർന്നു പൊങ്ങുന്നിതാ
ഭൂമിയുടെ കരച്ചിൽ ചെവിയിൽ മുഴങ്ങുന്നു......
തടാകത്തിൽ മാലിന്യം ഒഴുകുന്നിതാ....
പ്രകൃതി കരയുന്നതു  കേൾക്കാത മനുഷ്യർ
പല പല രോഗങ്ങൽ പിടിപെടുന്നു.........
ഇനി വരുന്നോര് തലമുറ
ഇവിടെ വസിക്കാൻ സധ്യമല്ല
എന്ന് നീ ഓർക്കണം മനുഷ്യ........
പ്രകൃതിയുടെ നിലവിളി കേൾക്കു........
മാലിന്യം നിറഞ്ഞിത ഭൂമിയിൽ
ഭൂമിനില വിളിക്കുന്നിത.......

അഭിമന്യു
8B



# *മനുഷ്യന് വേണ്ടി മാത്രം*

കുളത്തിലും പുഴയിലും മാലിന്യം തള്ളുന്നു....
ആറ്റിലും നീറ്റിലും വിഷം കലരുന്നു.....
ജന്തുജാലങ്ങളെല്ലാം മുറിവേറ്റു കിടക്കുന്നു....
ഭൂമിയുടെ ശബ്ദം ഇടറുന്നു.....
എല്ലാം മനുഷ്യനു വേണ്ടി മാത്രം....
എല്ലാം മനുഷ്യനു വേണ്ടി മാത്രം....

മരങ്ങൾ വെട്ടിമുറിക്കുന്നു....
കാടുകളെല്ലാം നശിക്കുന്നു....
രാക്ഷസയന്ത്രങ്ങൾ ഭൂമിയെ നശിപ്പിക്കുന്നു....
ഭൂമി അലറിക്കരയുന്നു....
എല്ലാം മനുഷ്യനു വേണ്ടി മാത്രം....
എല്ലാം മനുഷ്യനു വേണ്ടി മാത്രം....
എല്ലാം മനുഷ്യനു വേണ്ടി മാത്രം....

അക്ഷയ് ശിവൻ

# *മനുഷ്യന്റെ ക്രൂരത*

മനുഷ്യന്റെ ദുഷ്ട്ത്തരം കാരണം പ്രകൃതി നശിക്കുന്നു.
രാഷ്ട്രീയം തലക്കു മത്ത് പിടിച്ച് കൊന്നും കൊലയും-
ചെയ്ത്തു ഒരു മടിയില്ലാതെ.
എന്റോസൽഫാൻ പോലുള്ള മാരകവിഷം കൊണ്ട്-
മരിച്ചു വീഴുന്ന മനുഷ്യർ.
കായലും കുളവും വിഷം കലക്കി സന്തോഷിക്കുന്ന-
മനുഷ്യർ.
കാടും വെട്ടി മരവും വെട്ടി പത്ത് പണം കിട്ടാൻ-
വേണ്ടി ചെയ്യുന്നു.
പക്ഷെ ഒരു വലിയ അപകടം വരുമെന്ന്-
ആരും അറിയുന്നില്ല.

അഭിനവ് പി. നായർ
8B

## *രാഷ്ട്രതന്ത്രങ്ങൾ*

രാഷ്ട്രീയ അക്രമങ്ങളോരൊന്നു കൊണ്ട് ജനങ്ങൾ പൊറുതി മുട്ടുന്നു. ഉന്നത പദവിക്കായവർ ആരെയും കൊല്ലാനും ഒട്ടും മടിക്കില്ല പിന്നെയും വോട്ട് ചോദിച്ചവർ ഓരോ വീട്ടിലും പിന്നെ കേറി പോകുന്നു.ഓരോ വർഷങ്ങളായി വോട്ടിനായി അവർ ജനങ്ങളുടെ മനസ്സിൽ കുത്തി നിറയ്ക്കുന്നു.ഓരോരൊ ആഗ്രഹവും വോട്ട് കിട്ടിയാലവരെ പിന്നെ ഈ നാട്ടിലും കാണുകയില്ല.

# *ശാസ്ത്രത്തിന്റെ സംഭാവനകൾ*

മനുഷ്യരുടെ നിത്യജീവിതത്തിൽ ശാസ്ത്രത്തിന്റെ സംഭാവനകൾ ഏറെയാണ്.മനുഷ്യൻ ആദ്യമായി കണ്ടുപിടിച്ച ചക്രം മുതൽ ഇന്ന് ആർട്ടിഫിഷ്യലിന്റലിജന്റ്സ് കൊണ്ട് നിർമമിച്ച റോബോട്ടുവരെ ശാസ്ത്രത്തിന്റെ സംഭാവനകളാണ്.എഡിസണും ന്യൂട്ടണും ഐൻസ്റ്റണും ശാസ്ത്രത്തിനു നൽകിയ സംഭാവനകൾ ഏറെയാണ്.ഇക്കാലത്ത് ശാസ്ത്രത്തിന് ഏറെ മഹത്വമുണ്ട്.ചാൾസ് ബാബേജ് നിർമിച്ച കംപ്യൂട്ടർ എന്ന ഉപകരണം ഇക്കാലത്ത് വളരെ മഹത്വമുള്ളതാണ്.മനുഷ്യൻ കണ്ടുപിടിക്കുന്ന ഓരോ വസ്തുവിലും ശാസ്ത്രമുണ്ട്.ഭ്രമിയിലും ബഹിരാകാശത്തും നടക്കുന്നതെല്ലാം ശാസ്ത്രം കാരണമായിട്ടാണ്.ശാസ്ത്രജ്ഞർ പുതിയ പുതിയ കണ്ടുപിടിത്തങ്ങൾ മനസ്സിലാക്കുന്നതും ശാസ്ത്രം മുഖേനയാണ്.ലോകത്ത് ജീവൻ ഉണ്ടാകുന്നതിലും കാരണം ശാസ്ത്രം തന്നെ.ശാസ്ത്രം അങ്ങനെ മനുഷ്യർക്ക് നൽകിയത് വളരേയേറെ ഉപയോഗപ്രദമായ കണ്ടുപിടുത്തങ്ങളുടെ കൂട്ടമാണ് ശാസ്ത്രസാങ്കേതികതയുടെ വളർച്ച സമകാലികാന്തരീക്ഷത്തിൽ നാം നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളിലും നമ്മെ സഹായിച്ചു എന്നുള്ളത്  വാസ്തവമാണ്.

സിദ്ധാർഥ് വിഷ്ണു

വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

7a

## *വ്യാപാരിയുടെ മകൻ ദേവദത്തൻ*

ഒരിടത്ത് ഒരു ഗ്രാമമുണ്ടായിരുന്നു അവിടെ വലിയ അഹങ്കാരിയും,അത്യാഗ്രഹിയുമായിരുന്നു അയ്യാൾക്ക് ദേവദത്തൻ എന്ന് പേരുള്ള ഒരു മകനുണ്ടായിരുന്നു.മകൻ വളരെ ദാനശീലനും, മനസ്സിൽ നന്മയുമുള്ളവനുമായിരുന്നു.ഒരു പ്രാവശ്യം അവന്റെ വീട്ടിൽ അവൻ ഭക്ഷണം കഴിക്കുകയായിരുന്നു .അപ്പോൾ ദേവദത്തന്റെ വീട്ടിൽ അവന്റെ അച്ചൻ ഇല്ലായിരുന്നു കച്ചവടസാധനങ്ങളുമായി ചന്തയിൽ പോയിരുന്നു അവന്റെ അച്ചൻ ദേവദത്തൻ നോക്കിനിൽക്കെ അവന്റെ വീട്ടിൽ ഒരു ഭിക്ഷക്കാരൻ വന്നു ദേവദത്തൻ അയ്യാളുടെ അടക്കലേക്ക് പോയി ഭക്ഷക്കാരൻ അപ്പോൾ പറഞ്ഞു."പ്രിയപ്പെട്ട ബാലകാ എന്തെങ്കിലും ഭക്ഷണം കഴിക്കാൻ തരുമോ വീട്ടിൽ എന്റെ ഭാര്യയും മക്കളും വിശന്നുകരയുകയാണ് അവരുടെ വിശപ്പടക്കാനെങ്കിലും എനിക്ക് ഭക്ഷണം തരുമോ.”ദേവദത്തൻ മനസ്സിൽ വിചാരിച്ചു.”പാവം ഭിക്ഷക്കാരൻ അയ്യൽക്കും അയ്യാളുടെ മക്കൾക്കും നല്ല വിശപ്പുണ്ട്.ദേവദത്തൻ പിന്നെയൊട്ടും ആലോജിച്ചു നിൽക്കാതെ, താൻ കഴിച്ചുകൊണ്ടിരുന്ന ഭക്ഷണങ്ങളും,പിന്നെ അടുക്കളയിൽ നിന്നും ധാരാളം ഭക്ഷണ പദാർത്ഥങ്ങളും നൽകി കൂടാതെ പിതാവിന്റെ പണപ്പെട്ടിയിൽ നിന്നും കുറച്ച് പണവും ദേവദത്തൻ ആ ഭിക്ഷക്കാരന് സമ്മാനിച്ചു.ഇത് ഏറ്റുവാങ്ങിയപ്പോൾ ഭിക്ഷക്കാരന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.അപ്പോഴാണ് ദേവദത്തന്റെ പിതാവ് അവിടേക്ക് വന്നത്.അദ്ദേഹം ആ ഭിക്ഷക്കാരന്റെ കൈയിൽ നിന്നും ദേവദത്തൻ സമ്മാനിച്ച ഭക്ഷണപദാർത്ഥങ്ങളും പണവും ദേഷ്യത്തോടെ പിടിച്ച് വാങ്ങി.എന്നിട്ട് ഭിക്ഷക്കാരനെ ശകാരിച്ച് അവിടന്ന് പറഞ്ഞുവിടുകയും ചെയ്തു ഇതെല്ലാം കണ്ണീരോടെ നോക്കിനിൽക്കുകയായിരുന്നു ദേവദത്തൻ. പിതാവിന്റെ ഉള്ളിൽ നിന്നും അഹങ്കാരത്തെയും,
അത്യാഗ്രഹത്തെയും തുടച്ച് നീക്കണമെന്ന് ദേവദത്തൻ മനസ്സിൽ തീരുമാനിച്ചുറപ്പിച്ചു.രാത്രിയിൽ പിതാവ്
കച്ചവടം കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചെത്തിയപ്പോൾ ദേവദത്തൻ വാതിൽ തുറന്നില്ല. പിതാവ് വളരെ അധികം അമ്പരന്നുപോയി. പിതാവ് മകനോട് കേണപേക്ഷച്ചു ദേവദത്തൻ വാതിൽ തുറന്നില്ല. തനിക്ക് ഭക്ഷണമെങ്കിലും തരാൻ പിതാവ് ആവിശ്യപ്പെട്ടു. പക്ഷെ ദേവദത്തൻ അതിന് സമ്മതിച്ചില്ല. പുറത്ത്
നല്ല മഞ്ഞുണ്ടായിരുന്നു പുഖത്ത് കിടന്നാൽ പനിവരുമെന്നു കരുതി ഏതെങ്കിലും വീട്ടിൽ ഈ രാത്രി അഭയം
തേടാം എന്ന് അദ്ദേഹം തീരുമാനിച്ചു.ഓരോ വീട്ടിലും വാതിൽ തട്ടി വിളിച്ചപ്പോൾ ആരും വാതിൽ തുറന്നില്ല.
അവസാനം ഒരു കുടിലിലെ വാതിൽ തുറന്നു. അവിടെ രണ്ട് കുഞ്ഞുങ്ങൾ വിശന്നു കരയുന്നത് കണ്ടു. കുഞ്ഞുങ്ങളെ നേക്കി നിസ്സഹയായി കരയുന്ന അമ്മ. പിന്നെ അവിടെ നോക്കിയപ്പോൾ തന്റെ വീട്ടിൽ

രാവിലെ

വന്ന ഭക്ഷക്കാരൻ. ഭക്ഷക്കാരനോട് താൻ ചെയ്ത കാര്യങ്ങൾ ആലോചിച്ചപ്പോൾ വ്യാപാരിക്ക് കുറ്റബോധം തോന്നി.

തന്റെ കൈയിലുള്ള പണം കൊണ്ട് അദ്ദേഹം അവർക്ക് ധാരാളം ഭക്ഷണങ്ങൾ വാങ്ങിച്ചുകൊടുത്തു. അവരുടെ

സന്തോഷം കണ്ട് വ്യാപാരിയുടെ കണ്ണ് നിറഞ്ഞുപോയി. അദ്ദേഹം ഒരു കാര്യം മനസ്സിലാക്കി. മനസ്സിൽ

അഹങ്കാരവും, അത്യാഗ്രഹവും കൊണ്ടുനടന്നാൽ എന്തു പ്രയോജനം. ദാനം മഹത്ത്വമുള്ള ഒരു കർമ്മമാണെന്ന്

അദ്ദേഹം മനസ്സിലാക്കി. അന്നുരാത്രി അദ്ദേഹം ആ കുടിലിൽ താമസ്സിച്ചു. രാവിലെ നേരം പുലർന്നു. അദ്ദേഹം

കണ്ണ് തുറന്ന് നോക്കിയപ്പോൾ തന്റെ മകൻ മുമ്പിൽ നിൽക്കുന്നു ദേവദത്തൻ ഓടിചെന്നു പിതാവിന്റെ കാൽക്കൽ

വന്ദിച്ചു. എന്നിട്ടു പറഞ്ഞു"അച്ഛാ എന്നോടു ക്ഷമിക്കണേ. അച്ഛന് നല്ല മനസ്സുവരാൻ വേണ്ടിയാണ് ഞാൻ ഇതൊക്കെ


ചെയ്തത്."പിതാവ് ദേവദത്തനെ എണീപിച്ചു എന്നിട്ട് പറഞ്ഞു."മോനെ നീ എന്തു തെറ്റാണ് ചെയ്തത്. തെറ്റ്

ചെയ്തത് മുഴുവൻ ഞാനല്ലേ നീ ആണ് മോനെ നല്ല മകൻ. നീ അച്ഛന്റെ തെറ്റ് മനസ്സിലാക്കിത്തന്നല്ലോ." ഇതും

പറഞ്ഞുകൊണ്ട് പിതാവ് അവനെ അനുഗ്രഹിച്ചു. അതിനു ശേഷം നല്ല മനസ്സും, ദാനശീലനും, കരുണയുമുള്ളവനായി

ദേവദത്തന്റെ പിതാവ് മാറി

രാകേഷ്.



# ആത്മഹത്ത്യയുടെ വഴിത്തിരിവുകൾ

സീൻ-ഒന്ന് (മധ്യദൂരദൃശ്യം) ബാങ്കിന്റെ ഉള്ളിൽ

ഒരു ബാങ്കിന് മുമ്പിൽ കരഞ്ഞ്കൊണ്ട് ക്യൂനിൽകുന്ന ഒരു ഓട്ടോഡ്രൈവർ സീറ്റിൽ ഭാര്യയിരിക്കുന്നു.അവൾ ആലോചിക്കുന്നു.

സീൻ-രണ്ട് (മധ്യദൂരദൃശ്യം) ഒരു വീട്

ആ വീട്ടിനുള്ളിൽ നിന്ന് പുറത്തേക്ക് കടന്ന് വരുന്ന അമ്മ, അച്ഛൻ, മകൾ.അമ്മ റ്റിഫിൻ ബോക്സ് കേരിബാഗിനുള്ളിൽ വച്ച് നടന്ന് വരുന്നു.അച്ഛൻ സ്കൂൾ ബാഗ് പിടിച്ചിരിക്കുന്നു.മകൾ യൂണിഫോമൊക്കെയിട്ട് നടന്ന് വരുന്നു.

സീൻ-മൂന്ന് (സമീപദ്രിശ്യം)

സീടിന്റെ പുറത്ത് ഓട്ടോസ്റ്റാർട്ടാക്കിയിട്ട് നിൽക്കുന്നു.അച്ഛനും മകളും ഉള്ളിൽ ഇരിക്കുന്നു.

സീൻ-നാല് (സമീപദ്രിശ്യം)

അമ്മ:മോളെ നീ  ബുക്കെല്ലാം എടുത്തല്ലോ?

മകൾ:എടുത്തു അമ്മേ

അച്ചൻ(ഓട്ടോഡ്രൈവർ)അമ്മയോട്:നമ്മൾ പോട്ടേ

അമ്മ മകൾക്ക് റ്റാറ്റ കൊടുക്കുന്നു മകൾ തിരിച്ചും റ്റാറ്റ കൊടുക്കുന്നു.

സീൻ-അഞ്ച്(മധ്യദൂരദ്രിശ്യം)

അച്ഛൻ ഓട്ടോസ്റ്റാർട്ടാക്കി ഓട്ടിച്ച് പോകുന്നു.അമ്മ വീടിന്റെ ഉള്ളിലേക്ക് കടക്കുന്നു.

സീൻ-ആറ് (അധിദൂരദൃശ്യം)

ഓട്ടോ ഓടികൊണ്ട് വരുന്നു.സ്കൂളിന്റെ മുമ്പിൽ നിൽക്കുന്നു.

സീൻ-ഏഴ് (സമീപദൃശ്യം)

മകൾ ഓട്ടോയിൽ നിന്ന് ഇറങ്ങുന്നു.മകൾ നടന്ന് പോകാൻ ശ്രമിക്കുന്നു.

അച്ഛൻ:മോളേ,നാളെയല്ലെ നിന്റെ സ്കൂളിൾ ഫിലിംഫെസ്റ്റ്.അപ്പോൾ അതിന് കാശ് വേണ്ടേ.

മകൾ(ആഗ്രഹമുണ്ടെങ്കിലും മനസില്ലാമലസോടെ):വേണ്ട അച്ഛാ അമ്മയുടെയും അച്ഛന്റെ കൂടെ ഇരുന്ന് ഞാൻ എപ്പോഴും സിനിമകാണുന്നതല്ലേ പിന്നെ എന്തിനാ വെറുതെ കാശ് മുടക്കി സിനിമകാണുന്നത്.

അച്ഛൻ മകൾ പറയുന്നത് കേട്ട് സങ്കടം ഉള്ളിലൊതുക്കി ചെറു പുഞ്ചിരിയോടെ

അച്ഛൻ:എടി വായാടി കൊച്ച്പ്രായത്തിലെ വലിയവരെ പോലെ സംസാരിക്കുന്നോ.

അച്ഛൻ പോകറ്റിൽ നിന്നും പൈസ എടുക്കുന്നു.മകളുടെ കൈയിലേക്ക് കൊടുക്കുന്നു.

സീൻ-എട്ട്(മധ്യദൂരദൃശ്യം)

# സർഗ്ഗവീണ

മകൾ സന്തോഷത്തോടെ പൈസ വാങ്ങുന്നു.സ്കൂളിലേക്ക് കടക്കാൻ വേണ്ടി റോഡ് മറികടക്കാൻ ശ്രമിക്കുന്നു.അച്ഛൻ ഓട്ടോ സ്റ്റാർട്ട് ചെയ്യുന്നു.കുറച്ച് മുമ്പിലേക്ക് നീങ്ങുന്നു.പെട്ടന്ന് റോഡ് മറികടക്കുന്ന സമയത്ത് മകളെ ഒരു കാറ് വന്ന് ഇടിക്കുന്നു.അച്ഛാ......എന്ന് മകൾ വിളിക്കുന്നു.മുമ്പിൽ പോകുന്ന ഓട്ടോ നിർത്തി തിരിഞ്ഞ് നോക്കുന്നു.മകൾ വണ്ടിയിടിച്ച് മരനത്തോട് മല്ലിടുന്നത് കാണുന്നു.സങ്കടത്തോടെ അയ്യോ....എന്ന് അലറികൊണ്ട് അച്ഛൻ ഓടിചെന്ന് മകളെ വാരി എടുക്കുന്നു.

സീൻ-ഒൻമ്പത്(സമീപദൃശ്യം)

സങ്കടത്തോടെ അയാൾ ആബുലൻസിനെ വിളിക്കുന്നു. ആബുലൻസിലേക്ക് അയാളും മകളും പ്രവേശിക്കുന്നു.

സീൻ-പത്ത്(സമീപദൃശ്യം)

ആബംബുലൻസിനുള്ളിൽ മകളുടെ ഈ അവസ്ഥകണ്ട് കരഞ്ഞ്കൊണ്ടിരിക്കുന്ന അച്ഛൻ.

സീൻപതിനൊന്ന് (മധ്യദൂരദൃശ്യം)

ആംബുലൻസ് ഡ്രൈവർ പറയുന്നു"ഇത്ഗവഃആശുപത്രിയികൊണ്ട്പോയാൽ പോലീസ് കേസുമായി നടക്കേണ്ടിവരും.അത് വേണോ?"അച്ഛൻ ഒരു നിമിഷത്തേക്ക് കരച്ചിൽ നിർത്തുന്നു മുഖം തുടച്ചുകൊണ്ട്പറയുന്നു"വേണ്ട,അതിന് ഇപ്പോൾ എന്താ വഴി ?" ആംബുലൻസ്ഡ്രൈവർ "നമുക്ക് പ്രൈവറ്റ് ഹോസ്പിറ്റലിൽ കൊണ്ടുപോകാം. എന്താതാങ്കളുടെ അഭിപ്രായം."അച്ഛൻ "പോകാം." സന്തോഷത്തോടെഡ്രൈവർ മനസ്സിൽ കരുതുന്നു'എന്റെ കമ്മീഷന്റെ കാര്യം ഉറപ്പായി.

സീൻപന്ത്രണ്ട് (അദിദൂരദൃശ്യം)

ആംബുലൻസ് റോഡ് മാറ്റാനായി ഡ്രൈവർ വണ്ടിതിരിക്കുന്നു.ട്രാഫിക്ക് സിഗ്നൽ ചുവപ്പ് കത്തുന്നു ആംബുലൻസ് നിർത്തുന്നു.

സീൻ പതിമൂന്ന്(സമീപദൃശ്യം)

ആംബുലൻസ് ഡ്രൈവർ ഫോൺ എടുക്കുന്നു"ഹലോ ഡോക്ടർ ,സാർ നല്ലൊരു കോള് എത്തിയിട്ടുണ്ട് അങ്ങോട്ട് കൊണ്ട് വരട്ടേ" എന്ന് ചോദിക്കുന്നു.ആംബുലൻസ് അങ്ങോട്ട് പോകുന്നു.അച്ഛൻ ചോദിക്കുന്നു"ഏത് ആശുപത്രിയിലാണ് കൊണ്ട് പോകുന്നത്"ആംബുലൻസ് ഡ്രൈവർ പറയുന്നു കൃഷ്ണപോസ്പിറ്റലിലേക്ക് അവരാകുമ്പോൾ നല്ല പോലെ ചികിത്സിക്കും?

സീൻ പതിനാല്(അധി ദൂര ദൃശ്യം)

ആശുപത്രിയുടെ ഉള്ളിലേക്ക് ആംബുലൻസ് പ്രവേശിക്കുന്നു.ആശുപത്രിയുടെ മെൻ വാതിലിനു മുന്നിൽ ആംബുലൻസ് നിർത്തുന്നു.

സീൻപതിനഞ്ച്(മധ്യദൂരദൃശ്യം)

ആംബുലൻസിൽ നിന്നും കുട്ടിയേ വീൽചെയറിലേക്ക് ഇരുത്തുന്നു. അച്ഛൻ മകളേയും കൊണ്ട് ആശുപത്രിയുടെ ഉള്ളിലേക്ക്പ്രവേഷിക്കുന്നു.

സീൻപതിനാറ്(മധ്യദൂരദൃശ്യം)

ആശുപത്രിയുടെ മെൻവാതിലിനുമുന്നിൽ ആംബുലൻസ് ഡ്രൈവർ നിൽക്കുന്നു.അയാളുടെ അടുത്തേക്ക് ഒരു ഡോക്ടർ വരുന്നു.ഡ്രൈവർകൈയിൽകാശ് കൊടുക്കുന്നു.ഡ്രൈവർ നന്ദി പറയുന്നു. ആംബുലൻസ് സ്റ്റാർട്ടാക്കി പോകുന്നു.

സീൻപതിനേഴ്(മധ്യദൂരദൃശ്യം)

ആശുപത്രിയുടെ ഉള്ളിൽ കുട്ടിയേ ഐ.സി.യു വിലേക്ക് പ്രവേശിപ്പിക്കുന്നു.ഐ.സി യുടെ വാതിൽ വരെ വന്ന് അച്ഛൻ നിൽക്കുന്നു. ഐ.സി.യു വിന്റെ അകത്ത് നിന്ന് ഡോക്റ്റർ വരുന്നു.

ഡോക്റ്റർ:നിങ്ങൾ പേടിക്കണ്ട. കുട്ടിക്കൾക്ക് ഒന്നു സംഭവിക്കില്ല. താങ്കൾക്ക് ഇൻശുറൻസ് ഉണ്ടോ?

അച്ഛൻ:ഇല്ല.

ഡോക്റ്റർ:ബാങ്കിൾ മകൾക്ക് വേണ്ടി എന്തെങ്കിലും നിക്ഷേപിച്ചിട്ടുണ്ടോ?

അച്ഛൻ:ഇല്ല.

ഡോക്റ്റർ:നിങ്ങൾ ഒന്നുകൊണ്ടും പേടിക്കണ്ട നിങ്ങൾ വേഗം പോയി അഞ്ച് ലക്ഷം രൂപ കൊണ്ട് വരു

അച്ഛൻ:ഇത്രയും തുക ഞാൻ എങ്ങനെ ഈ ചുരുങ്ങിയ സമയത്ത് ഉണ്ടാക്കും?

ഡോക്റ്റർ:വിഷമിക്കണ്ട ഇപ്പോൾ രണ്ട് ലക്ഷം അടച്ചാൽ മതി അത് വരെ ഞങ്ങൾ കുട്ടിക്ക് കൃതിമ ശ്വാസം നൽക്കാം.

അച്ഛൻ:എനിക്ക് മോളെ ഒന്ന് കാണണം.

ഡോക്റ്റർ:വരു.

സീൻ:പതിനെട്ട് (സമീപദൃശ്യം)

ഐ.സി.യുടെ മുമ്പിൽ ഗ്ലാസിലൂടെ കൃത്രിമസ്വാസം വലിക്കുന്ന മോളെ കാണുന്നു. അയാൾ മുഖം തടവി പണത്തിനായി പോകുന്നു.

സീൻ:പത്തൊൻപത് (അധിദൂരദൃശ്യം)

ബാങ്കിനുള്ളിലേക്ക് കരഞ്ഞ് കൊണ്ട് കയറുന്ന ഭാര്യയും ഓട്ടോരിക്ഷകാരനായ ഭർത്താവും.

സീൻ:ഇരുപത് (മധ്യദൂരദൃശ്യം)

ക്യൂ നിന്ന്പൈസവാങ്ങുന്ന ഓട്ടോറിക്ഷക്കാരൻ നടന്ന് വന്ന് ഭാര്യയയെ തട്ടുന്നു.അവൾ ഓർമ്മയിൽ നിന്നുണരുന്നു.

സീൻ ഇരുപത്തിയൊന്ന്(അധിദൂരദൃശ്യം)

ഓട്ടോ ആശുപത്രിയുടെ ഉള്ളിൽ കയറുന്നു.കരഞ്ഞുകൊണ്ട് സാരിയുടെ തുമ്പ് വായിൽ പിടിച്ച് കൊണ്ട് ആശുപത്രിയുടെ ഉള്ളിലേക്ക് ഓടുന്നു.

സീൻ ഇരുപത്തിരണ്ട്(മധ്യദൂരദൃശ്യം)

പൈസ അടയ്ക്കുന്ന സ്ഥലത്ത് നിൽക്കുന്ന ഡോക്ടർ ഓട്ടോക്കാരന്റെ അടുത്ത് വരുന്ന ഡോക്ടർ "പേടിക്കേണ്ട മകൾക്കുള്ള ഓപ്പറേഷൻ തുടങ്ങി കഴിഞ്ഞു"എന്നുപറയുന്നു.കൗണ്ടറിൽ ഇരിക്കുന്ന

## സർഗ്ഗവീണ

നേഴ്സ് "മകളുടെ പേര്?" ഓട്ടോഡ്രൈവർ നീലിമ രാമചന്ദ്രൻ. കുട്ടിയുടെ വയസ്സ്? ഓട്ടോഡ്രൈവർ 12 ഇങ്ങനെ നേഴ്സ് ചോദിക്കുന്ന ഓട്ടോഡ്രൈവർ ഉത്തരം പറയുന്നു.

സീൻ ഇരുപത്തിമൂന്ന്(അധിദൂരദൃശ്യം)

ഐ.സി.യുടെ ഉള്ളിലേക്ക് പ്രവേശിക്കുന്ന ഡോക്ടർ പുറത്ത് വാവിട്ട് കരഞ്ഞ് കൊണ്ടിരുന്ന ഭാര്യ ഓട്ടോഡ്രൈവർ നടന്ന് വരുന്ന ഭാര്യയുടെ അടിത്തിരിക്കുന്നു.

സീൻ ഇരുപത്തിനാല്(സമീപദൃശ്യം)

ഓട്ടോക്കാരന്റെ നെഞ്ചിൽ ചാഞ്ഞ് കിടന്ന് 'രാമേട്ട'എന്ന് കരയുന്ന ഭാര്യ ഓട്ടോക്കാരൻ "നീ പേടിക്കേണ്ട നമ്മുടെ മോൾക്ക് ഒന്നും പറ്റില്ല"എന്ന് പറഞ്ഞ് ആശ്വസിപ്പിക്കുന്നു.

സീൻ ഇരുപത്തിഅഞ്ച്(മധ്യദൂരദൃശ്യം)

ഐസിയുടെ ഉള്ളിൽ ഡോക്ടറിന് കുട്ടി രക്ഷപ്പെടില്ല എന്ന് മനസ്സിലായി ഡോക്ടർ"സാർ ഒരു പത്ത് നിമിഷം മുമ്പ് കൊണ്ടുവന്നിരുന്നെങ്കിൽ നമുക്ക് കുട്ടിയെ രക്ഷപ്പെടുത്താമായിരുന്നു"എന്ന് വേറെ സീനിയർ ഡോക്ടറിനോട് പറയുന്നു.ആ ഡോക്ടറിനേ ഓട്ടോക്കാരൻ കണ്ടത് താൻ ഇപ്പോഴത്തേക്ക് കൃത്രിമ ശ്വാസം കൊടുക്ക"കൃത്രിമശ്വാസം വലിച്ചു കൊണ്ടിരിക്കുന്ന കുട്ടിയുടെ മുമ്പിൽ പറഞ്ഞു കൊണ്ടിരുന്നു.

താൻ അത് ഓഫ് ചെയ്യുന്ന "എന്ന് പറഞ്ഞുക കൊണ്ട് പുറത്തേക്ക് വരുന്നു.

സീൻഇരുപത്തിയാറ്(മധ്യദൂരദൃശ്യം)

ഐ.സി.യുവിൽ നിന്നും പുറത്ത് വരുന്ന ഡോക്ടറിന് നേരെ എഴുന്നേറ്റ് ചെല്ലുന്ന ഓട്ടോക്കാരനും ഭാര്യയും "ഡോക്ടർ മോൾക്ക് എങ്ങനെയുണ്ട്?"എന്ന് ചോദിക്കുന്നു. ഡോക്ടർ"മോൾ മരിച്ചു ഒരു പത്ത് നിമിഷം മുമ്പ് കൊണ്ട് വന്നിരുന്നെങ്കിൽ മോളെ രക്ഷിക്കാമായിരുന്നു."ഇത് കേട്ടതും തലയിൽ കൈ വച്ച് കരയുന്ന ഭാര്യ."ഡോക്ടർ നിങ്ങൾ രണ്ട് ലക്ഷരൂപ കൂടി തന്നിട്ട് കൊണ്ടു പോകൂ കുട്ടിയെ"ഭാര്യ കരഞ്ഞ് കൊണ്ട് "പോയി പോയി ശവത്തിന് വരെ പൈസ ചോദിക്കുന്നു."എന്ന് പറഞ്ഞ് കൊണ്ട് കരയുന്നു.ഓട്ടോക്കാരൻ"സാറെ ഇത്രയും പൈസ ഞങ്ങൾ എങ്ങനെ ഉണ്ടാക്കും"ഇത് കേട്ട ഡോക്ടറുടെ നിറം മാറുന്നു"ടാ നിനക്ക് ശവം വേണമെങ്കിൽ പൈസ കൊണ്ടുവാ"എന്ന് പറയുന്നു.

സീൻ ഇരുപത്തിയാറ്

അലമുറയിട്ട് കരഞ്ഞുകൊണ്ട് ഓടുന്ന ഭാര്യ ലതേ ഓടല്ലെ എന്ന് പറഞ്ഞ് കൊണ്ട് പിന്നാലെ ഓടുന്നു.അവൾ ഓടി ഗ്ലാസ് തലയിൽ ഇടിച്ച് വീഴുന്നു ആ എന്ന വിളിയോടെ താഴെ **വീണ് മരിക്കുന്നു.ലതേ എന്ന് വിളിച്ച് കൊണ്ട് താഴേക്ക് ഓടുന്ന സമയത്ത് പടിയിൽ കാൽ തെറ്റി തലയിടിച്ച് അയാളും ചാകുന്നു.**

**സീൻ ഇരുപത്തിയേഴ്**

**ആശുപത്രിയിൽ നിന്നും വളരെ മുകളിൽ എഴുതി കാണിക്കുന്നു. "ആരുടെയും വാക്ക് കേട്ട് ഗവ:ഹോസ്പറ്റിലുകളിലെ തള്ളരുത് എങ്കിൽ നമ്മൾ ജീവിതം നഷ്ടപ്പെടുത്തേണ്ടി വരും."**

## ***തുമ്പപൂവ്***

വെള്ളിനിലാവിൽ ചെറുമകളേ,

ഉള്ളം കവരും നറുമലരേ,
കണ്ണിനഴകായ് വിലസുക നീ
തുമ്പപ്പൂവേ പൂന്തളിരേ

പഞ്ഞികണക്കു മിനുത്തവളേ,

കുഞ്ഞിപ്പൂവേ കൺകുളിരേ,

കുഞ്ഞിക്കാലാടി പോലല്ലോ,
നിന്നുടെ രൂപം കണിമലരേ

# കുഞ്ചൻ നമ്പ്യാർ

മലയാള ഭഷയ്ക്ക് ഇപ്പോൾ മഹത്ഭാഷാ പദവിയുണ്ട്.മലയാളത്തെ ശ്രേഷ്ഠഭാഷാ പദവിയിൽ എത്തിക്കാൻ വേണ്ടി അക്ഷിണം പരിശ്രമിച്ച നിരവധി മാഹാൻമാർ ഉണ്ട്.അവരിൽ അഗ്രഗണ്യൻ മാരിൽ ഒരാളാണ് കുഞ്ചൻ നമ്പ്യാർ.

പുരാതന  കവിത്രയത്തിൽ ഉൾപ്പെടുന്ന അദ്ദേഹം പ്രതിഭാസമ്പന്നനായ കവി എന്നതിലുപരി പലതുമായിരുന്നു.18ാം നൂറ്റാണ്ടിൽ പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടി ആഫീസിനടുത്ത് കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലായിരുന്നു കുഞ്ചൻ നമ്പ്യാർ ജനിച്ചത്.ചെമ്പകശ്ശേരി രാജവിന്റെ ആശ്രുതനായി ഏറെക്കാലം അമ്പലപ്പുഴയിൽ അദ്ദേഹം ജീവിച്ചു.ജിലിമ്പ ചെമ്പകശ്ശേരി മാർത്താണ്ഡവർമ്മ കീഴടക്കിയപ്പോൾ നമ്പ്യാർ തിരുന്തപുരത്തേക്ക് താമസം മാറ്റി തുടർന്ന് മാർത്താണ്ഡവർമ്മയുടേയും ധർമ്മരാജന്റെയും ആശ്രിതനായി ജിവിച്ചു.ശേഷം തിരിച്ച് അമ്പലപ്പുഴയിലെത്തി.1770 അദ്ദേഹം ചേപ്പാട്ടി വിഷബാധയേറ്റ് മരണമടഞ്ഞു.

കുഞ്ചൻ നമ്പ്യാർ ഒരു ഹാസ്യസാമ്രാടായിരുന്നു.നർമ്മ രസപ്രാധാന്യമുണ്ട് പലതും അദ്ദേഹത്തിന്റെ വായിൽ നിന്നും വന്നിരിന്നു.പലതിനും ദ്വയാർത്ഥ പ്രയോഗങ്ങൾ ഉണ്ടായിരിന്നു.ചെമ്പകശ്ശേരി സദ്യയെപ്പറ്റി;

“പത്രം വിസ്തൃതമെത്ര തുമ്പമലർതോറ്റോടിടിനൊരന്നവും
കനിയെ പഴുത പഴം
കാളിപ്പഴം കാളനും
ചത്തന്റെറു കുറിക്കു ദാസ്യമിയല്ലം

,പറയൻ തുള്ളൽ എന്നി മൂന്ന് ശാഖകളുണ്ടായിരുന്നു. തുള്ളൽ പ്രസ്ഥാനത്തിന്.    ഫലിത പ്രാധാന്യമുണ്ട് തുള്ളൽ പ്രസ്ഥാനത്തിന്.സമൂഹ വിമർശനം കൂടിയാണ് ആനുകാലിക വിഷയങ്ങളിൽ കഥാപാത്രങ്ങൾ എപ്പോഴും പുരാണേതിഹാസങ്ങളിൽ നിന്നുള്ളതായരുന്നു.

മലയാള കവിത

# പൂക്കാലം

പൂ നിര വിരിയും പൂക്കാലം
പൂ മണമൊഴുകും പൂക്കാലം
പൂന്തേൻ വിരിയും പൂക്കാലം
പൂമ്പൊടി ചിതറും പൂക്കാലം
പൂങ്കാറ്റണയും പൂക്കാലം
പൂ മഴ പൊഴിയും പൂക്കാലം
പൂങ്കാറ്റിൽ പാടും പൂക്കാലം
പൂവിൻ കാലം പൂക്കാലം

***by***

***Ismail***



# പ്രായത്തിന്റെ അറിവില്ലായ്മ

സീൻ-ഒന്ന്-വിദൂരദൃശ്യം

[രാമു സ്കൂൾ വിട്ട് വീട്ടിൽ വരുന്നു.അവൻ എന്തോചിന്തയിലാണ് അവന്റെ വരവ്.]

സീൻ-രണ്ട്-സമീപദൃശ്യം

[രാമു വീട്ടിൽ കയറി അമ്മയോട് പറഞ്ഞു.]

രാമു:-എനിക്ക് ഒരു ബൈക്ക് വേണം.

അമ്മ:-മോനെ പറ്റില്ല നിനക്ക് പ്രായപൂർത്തിയായില്ല.

രാമു:-അമ്മ ഒന്നും പറയണ്ട എനിക്ക് എങ്ങനെയെങ്കിലും ബൈക്ക് വാങ്ങിച്ച തരണം.

സീൻ-മൂന്ന്-അതിസമീപദൃശ്യം

[രാമുവിന്റെ മുഖം അടുത്ത ഫ്രെയിമിൽ കാണിക്കുന്നു.]

രാമു:-എനിക്ക് ബൈക്ക് വാങ്ങിച്ച തന്നില്ലെങ്കിൽ ഞാൻ നിരാഹാരം കിടക്കും.

സീൻ-നാല്-സമീപദൃശ്യം

[രാത്രിയാകുന്നു രാമുവിനെ അമ്മ ആഹാരം കഴിക്കാൻ വിളിക്കുന്നു.]

അമ്മ:-മോനെ ആഹാരം ഒന്നും കഴിക്കുന്നില്ലെ.

രാമു:-എനിക്ക് ഒന്നും വേണ്ട.

സീൻ-അഞ്ച്-സമീപദൃശ്യം

[വൈകാതെ അച്ഛൻ വീട്ടിൽ വന്നു.അമ്മ അച്ഛനോട് കാര്യങ്ങൾ പറയുന്നു.]

അമ്മ:-മോൻ രണ്ട് ദിവസമായി ഒന്നും  കഴിക്കുന്നില്ല.

അച്ഛൻ:-എന്തകൊണ്ട്.

# സർഗ്ഗവീണ

അമ്മ:-അവന് ബൈക്ക് വാങ്ങികൊടുക്കാത്തതു-
കൊണ്ട്.
അച്ഛൻ:-അവന് അതിന് പ്രായപൂർത്തിയായിട്ടില്ല.
അമ്മ:-പക്ഷേ അവന് ഒന്നും കഴിക്കുന്നില്ലോ.
അച്ഛൻ:-എന്നാൾ അവന് ബൈക്ക് വാങ്ങിച്ച കൊടുക്കാം.

അമ്മ:-അതെങ്ങനെ ശരിയാവും അവന് പ്രായപൂർത്തിയായിട്ടില്ലല്ലോ.
അച്ഛൻ:-അവന്റെ എല്ലാ അഗ്രഹങ്ങളും സാധിച്ച് കൊടുത്തിട്ടുണ്ട്.എന്നാൽ ഇതും കൂടി സാധിച്ച് കൊടുത്തേക്കാം.

സീൻ-ആർ-അതിസമീപദൃശ്യം
[അവന്റെ മുഖത്ത്  നിന്ന് കണ്ണീര് വരുന്നു.അതേസമയം അമ്മ അവനെ വിളിക്കുന്നു.]
അമ്മ:-മകനെ,നിനക്ക് ഒരു സമ്മാനമുണ്ട്.
രാമു:-എന്താണ് അമ്മ.....
അമ്മ:-നീ വാ.....വീടിന് പുറത്ത് വന്ന് നോക്കു.

സീൻ-ഏഴ്-സമീപദൃശ്യം
[ മൂന്ന് പേരും വീടിന്റെ പുറത്തേക്ക് വരുന്നു ബൈക്കിനെ ക്യാമറയിൽ എടുത്ത്  കാണിക്കുന്നു.
രാമു ബൈക്കിനെ നൊക്കി പറയുന്നു.]
രാമു:-ബൈക്കിനെ കാണാൻ എന്ത് നല്ല ഭംഗിയാണ്.
അച്ഛൻ:-അതെ,ഇത് നിനക്കാണ് നീ എടുത്താ.
രാമു:-നന്ദിയുണ്ട് അച്ഛാ....... അമ്മേ......
സന്തോഷത്താൽ അവൻ അവന്റെ മാതാപിതാക്കളെ ആലിംഗനം ചെയ്യ്തു.
രാമു:-ഞാനൊന്നു കറങ്ങിയിട്ട് വരാം അമ്മേ......
അമ്മ:-നീ ഹെൽമെറ്റ് വെയ്ക്കുന്നില്ലേ.
രാമ്:-ഹെൽമെറ്റ് ഇല്ലല്ലോ അതിന്
സീൻ-എട്ട്-സമീപദൃശ്യം
[ രാമു സന്തോഷത്തിൽ അവൻ ബൈക്കിൽ ഇരുന്നു കൂവി വിളിക്കുകയാണ്.]
രാമു:-ഏയ്.................ഏയ്.....................

സർഗ്ഗവീണ

സീൻ-ഒൻമ്പത്-സമീപദൃശ്യം

[രാമു  പോകുന്ന വഴിക്ക് ചെക്കിങ്ങ് വടക്കുകയാണ് അത് കണ്ട് രാമു പേടിച്ചു. ]

കോൺസ്റ്റബിൽ:-സാറെ..........ഒരു കുട്ടി ഡ്രൈവർ വരുന്നുണ്ട്.

എസ്.ഐ:-ആ......അവനെ പിടിച്ച് നിർത്ത്.

കോൺസ്റ്റബിൽ:-ടാ.........വണ്ടി നിർത്തെടാ.

[രാമു ബൈക്ക് നിർത്തുന്നു. രാമുവിന്റെ മുഖത്ത് പേടികാണാം.]

രാമു:-സാറെ ഒന്നും ചെയ്യല്ലോ.

എസ്.ഐ:-നിന്നെ എന്നും ചെയ്യില്ല. നീ വണ്ടിയുടെ ബുക്കും പേപ്പറും എടുക്ക്.

രാമു:-അയ്യോ......സാറെ ഞാൻ ബുക്കും പേപ്പറും എടുക്കാൻ മറന്നുപോയി.

എസ്.ഐ:-ശരി ലൈസൻസ് എടുക്ക്

രാമു:-അത് ഇല്ല സാറെ......

എസ്.ഐ:-ഹെൽമറ്റ് എവിടെ

രാമു:-അതും ഇല്ല സാറെ.......

എസ്.ഐ:-ശരി,ഹെൽമറ്റ് ഇല്ല, ലൈസൻസ് ഇല്ല,ബുക്കും പേപ്പറും ഇല്ല. അപ്പോൾ ഒരു 10000 രൂപ എടുക്ക്

സീൻ-പത്ത്-അതി സമീപദൃശ്യം

[രാമുവിന്റെ കണ്ണിൽ നിന്ന് കണ്ണീർ വരുന്നു.അതു കണ്ട് എസ്.ഐയുടെ  മനസ്സ് അലിഞ്ഞു.]

രാമു:-സാറെ ഇപ്പോൾ എടുക്കാൻ പൈസ ഇല്ല സാറെ

എസ്.ഐ:-എന്നാൾ ഇപ്പോൾ ഉള്ളത് എടുക്ക്മ

[രാമു മനസ്സിൽ വിചാരിക്കുന്നു.]

രാമു:-അമ്മയും അച്ഛനും പറഞ്ഞത് കേട്ടിരുന്നെങ്കിൽ ഇപ്പോൾ ഇതൊന്നു    ന   ട ക്കുകയില്ലായിരുന്നു.

ഗിരിദർ.എസ്.ടി
9 A

## ***മഴവില്ല്***

മഴവില്ലേ മഴവില്ലേ
മഴ തീരുമ്പോൾ മാനത്തെത്തും മഴവില്ലേ
നീ മായരുതേ നീ പോകരുതേ
നീഎൻ ഇഷ്ടമനോഹര പൂവല്ലേ!

നിൻ അരികിൽ എത്താൻ വഴിയറിയില്ല മഴവില്ലേ
നിനക്ക് എന്തൊരു ചേലാണ്
നിന്നെക്കാണാൻ എന്തു സുന്ദരമാണ്
നീയൊരു ഏഴഴകുള്ള മഴവില്ലേ!
നീ മായരുതേ പോകരുതേ
നീയെൻ കരളിൻ മലരല്ലേ
പോകരുതേ പോകരുതേ
മഴവില്ലേ! മഴവില്ലേ!

അഭിഷേക് വി ആർ
6A

സർഗ്ഗവീണ

# *ബഷീർ എന്ന എഴുത്തുകാരൻ*

ബഷീറിന്റെ കഥ തന്നെയാണ് ജീവിതം.

ജീവിതംതന്നെയാണ് കഥയും.

ബഷീർ പറയുന്നതാണ് ഭാഷ

സജ്ഞ


വി പി എസ് എച്ച് എസ് എസ് ഫോർ ബോയ്സ് വെങ്ങാനൂർ

# *മായാത്ത കാഴ്ചകൾ*

നില്ലാവില്ലാത്ത രാത്രി. നദിയിലൂടെ നീങ്ങുന്ന ചൊറുതോണി.അതിൽ ഏകാകിയായി യാത്ര ചെയ്യുകയായിരുന്ന രവീന്ദ്രനാഥ്ടാഗോർ.മെഴുകുതിരിയുടെ അരണ്ട വെളിച്ചം. തണുത്തക്കാറ്റ് ഇടയ്ക്കൊന്ന് ആഞ്ഞുവീശി വിളക്കണഞ്ഞു കൂരിരിട്ട്.കൈയിലെ പുസ്തകമടച്ച് ടാഗോർ ചുറ്റിലും നോക്കി ഇരുകരകളിലും വീട്ടു വെളിച്ചത്തിന്റെ കൊച്ചു കൊച്ചു ശകലങ്ങൾ നദിയുടെ ഓളങ്ങളിൽ വെളിച്ചത്തിന്റെ നിഴലുകൾ ഇളകിയാടുന്നു. ആകാശത്തും നദിയിലും നക്ഷത്രങ്ങളുടെ രത്ന ഭംഗി ഇരുട്ടിന്റെ സൗന്ദര്യത്തിൽ മനം മയങ്ങി മഹാകവി നിശ്ചലനായി നിന്നു.

***by***

**തമീമുൽ അൻസാരി**



# ഒരു മഴയുടെ തുടക്കം

അന്നൊരുനാൾ സന്ധ്യക്ക്
തനിയെ ഞാനിരുന്ന് ചിന്തിക്കവേ
പെട്ടെന്നൊരു മാറ്റമുണ്ടായി ചുറ്റം
നാലു ദിക്കിലും മിരുണ്ടു കൂടിയ
മുകിലാലിരുട്ട് പരന്നു
മെല്ലെ മെല്ലെ മരപത്രങ്ങളാട്ടം തുടങ്ങി.

മരപത്രങ്ങൾ തന്നാട്ടത്തെ
നോക്കി ഞാനിരിക്കവെയെൻ
ചിന്ത തൻ ശക്തി കൂടി
എൻ ചിന്തതൻ ശക്തി കൂടവേ
ഗഗനത്ത് നിന്നിടിക്കോളു കേട്ട്
ഞാൻ ഞെട്ടി പോയ്
ഇടിക്കു മുൻപെത്തിയൊരു മിന്നലുക
ണ്ടെൻ കണ്ണുകൾവവമങ്ങി പ്പോയ്
അനിലന്ന് പിമ്പേ വന്നൊരു മിന്ന-
ലനലന്ന് തുല്യം മിന്നവേ,
വെടിക്കുതൻ നാദത്തെ വെല്ലുവെന്നോ-
രിടിക്കെട്ടു പൊട്ടി പലവട്ടം
ഇടിവെട്ടുതൻ നാദം കേട്ടേനിനക്കൊപ്പം
നിന്നു വിറച്ചു പശുക്കളുമാടുകളും
നരികളുമാന പോലും.

ഘനത്തിൽ തിങ്ങിടുന്നോരു ഘനത്തിൽ
കരിനിറം കണ്ട്
കരിവനത്തിലുള്ളൊരു
കരികൾ വേഗം
കാടിളക്കി യോടി.
ഭയത്തിലിടിവെട്ടൊന്ന് മാറ്റവതായ്
ചൊല്ലീ ദേവനോടു ഞാനല്പനേരം

# സർഗ്ഗവീണ

എന്നിട്ടുമതാ  വീണ്ടുമിടിവെട്ടുന്നു.

മിന്നൽ  മിന്നുന്ന  വ്യോമത്തു  നിന്നും
ഇത്  കണ്ടെൻ  മനമൊന്നുകാളി,

വാനമിടിഞ്ഞിങ്ങു വീഴുമോ! ധാരാ...
പിളർന്നങ്ങു പോവുമോ
ലക്ഷങ്ങൾ  കൊണ്ടു  തീർത്തൊരു
മന്ദിരങ്ങളെ  ത്തകർക്കുന്നോരിടിയിതാ
പിന്നെയും  വെട്ടുന്നു.

തുടർന്നതാ  പേമാരിയുമാലിപ്പഴവും
വന്നു  വീഴുന്നു.
മാരിതൻ  സൂതനാണിടിമിന്നലെന്നതേ  ധരിച്ചു
ഞാനിത്കണ്ടനേരം
മുത്തശ്ശിയോടു  ചോദിച്ചു  ഞാനെവിടുന്നാണ്
വന്നതിമ്മാരിയെന്ന്

ഒന്നും മറിയാത്ത  മുത്തശ്ശി  ചൊല്ലി
പൈതലേ  മുകളിള്ളോരു  ഭഗവാന്റെ
വിസർജ്ജ്യമാണിതെന്ന്
പിന്നീട്  ഞാനറിഞ്ഞു
സത്യമതല്ല മുമ്പു  നാം  കണ്ട
വാരിധീ  ജലം  തന്നെയല്ലയോ
മാരിയായിപ്പോൾ  ഭൂമിയിൽ പതിക്കുന്നേ
എന്തുചെയ്യാം  എൻ  മുത്തശ്ശിയത്
ധരിക്കാതെ  പോല്ലോ

***Akshay.S  S***
***10 A***

# കുറുക്കനും കൊക്കും

ഒരു കുറുക്കനും ഒരു കൊക്കും വലിയ ചങ്ങാതിമാരായിരുന്നു.എന്നാൽ ഒരു ദിവസം കുറുക്കൻ കൊക്കിനെ ഒന്നു പരിഹസിക്കാൻ തീരുമാനിച്ചു.

കുറുക്കൻ കുറച്ചു പായസം ഉണ്ടാക്കി പായസം ഒരു പരന്ന പാത്രത്തിൽ വിളമ്പി കൊക്കിനോട് കുടിച്ചുകൊള്ളാൻ പറഞ്ഞു.കുറുക്കൻ പാത്രത്തിലെ പായസം സ്വാദോടെ നക്കി കുടിക്കാൻ തുടങ്ങി.കുറുക്കൻ കൊക്കിനെ നോക്കി പരിഹാസത്തോടെ ചോദിച്ചു.,"എന്താ പായസം രുചിയുള്ളതല്ലേ?നിനക്ക് ഇഷ്ടമായോ?"എന്നാൽ പായസം പകർന്ന പരന്ന പാത്രത്തിൽ നിന്നും പായസം കുടിക്കാൻ കൊക്കിനു കഴിഞ്ഞില്ല. കുറുക്കൻ തന്നെ പരിഹസിക്കുകയാണ് എന്നു കൊക്കിനു മനസ്സിലായി കുറുക്കൻ രുചിയോടെ പായസം അകത്താക്കുന്നതു നിസ്സഹനായി നോക്കി നിൽക്കാൻ മാത്രമേ കൊക്കിനു കഴിഞ്ഞോളു.ഒരു ദിവസം കൊക്ക് കുറുക്കനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു.കുറുക്കൻ സമ്മതിച്ചു.കൊക്ക് പായസമുണ്ടാക്കി ഒരു നീണ്ട കുജയിൽ ഒഴിച്ചു വെച്ചു.കുറുക്കനോട് അതിൽ നിന്നും കഴിച്ചു കൊള്ളാൻ പറഞ്ഞു.പക്ഷെ കുറുക്കനു കുജയിൽ നിന്നും പായസം കുടിക്കാൻ കഴിഞ്ഞില്ല.കൊക്ക് തന്റെ പങ്ക് നല്ലവണ്ണം ആസ്വദിച്ചു.ഇടയ്ക്ക് കുറുക്കനോട് പറഞ്ഞു. ഈ സ്വാദുള്ള പായസം നിനക്കു വേണ്ടി മാത്രം ഉണ്ടാക്കിയതാണ്. ഇത് ഇഷ്ടമായോ?ഇതു കേട്ട് കുറുക്കൻ ലജ്ജിച്ചു തലതാഴ്ത്തി. കൊക്ക് തന്നോടു പകരം വീട്ടുകയാണ് എന്ന് കുറുക്കനു മനസ്സിലായി.

# സൂര്യനും അഗ്നിപർവതങ്ങളും

മനുഷ്യന്റെ ഇടപെടൽ മൂലമല്ലാതെ സംഭവിക്കുന്ന പല പ്രകൃതി പ്രതിഭാസങ്ങളും ആഗോളതാപനത്തെയും കാലാവസ്ഥ വ്യതിയാനത്തെയും ചെറിയ തോതിൽ ബാധിക്കുന്നുണ്ട് എന്നാണ് ഗവേഷകർ പറയുന്നത്.

സൂര്യന്റെ ഊർജവിതരണത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ഭ്രമിയുടെ ഭ്രമണപഥത്തിൽ വരുന്ന നേരിയ മാറ്റങ്ങൾ അഗ്നിപർവത സ്ഫോടനങ്ങൾ എന്നിവയെക്കെ ഇതിന് ഉദാഹരണങ്ങളാണ്. സൂര്യനിൽ നിന്നുള്ള ഊർജത്തിന്റെ അളവ് കൂട്ടുന്നതും ഗ്രിൻ ഹൗസ് വാതകങ്ങളെ അന്തരീക്ഷത്തിന്റെ താഴത്തെ പാളിയായ ട്രോപ്പോസ്ഫിയറിൽ ചൂട് കൂട്ടും. എന്നാൽ ട്രോപ്പോസ്ഫിയറിൽ മുകളിൽ ഓസോൺ
ട്രോപ്പോസ്ഫിയർ എന്ന പാളിയുടെ ചൂട് കുറയുകയാണ് ചെയ്യുക. ഇതെല്ലാം മനുഷ്യൻ വരുത്തി വയ്ക്കുന്ന വിന. അതിന്റെ ഫലം പരിസ്ഥിതി നാശം. നമ്മുടെ ആരോഗ്യപ്രശ്നങ്ങളിലേയ്ക്കും ജീവനു തന്നെ ഭീഷണിയായും അതോടൊപ്പം ലോകത്തിന്റെ ഉന്മൂലനാശത്തിലേയ്ക്കും നയിക്കുന്ന കാഴ്ചയാണ് നാം നേരിടാൻ പോകുന്നത്.

ഷഹബാസ്

*7A*

# *പൂവിന്റെ കല്ല്യാണം*

*കാടറിയാതെ മേടറിയാതെ*

കന്നിപ്പൂവിനു കല്ല്യാണം
കൊട്ടില്ലാതെ കുഴലില്ലാതെ
കാവിനകത്തൊരു കല്ല്യാണം
കറുത്ത കോട്ടും സൂട്ടുമണിഞ്ഞൊരു
കരിവണ്ടാണേ മണവാളൻ
ചുവന്ന പട്ടും പൊട്ടുമണിഞ്ഞൊരു
ചെമ്പനീർപ്പൂ മണവാട്ടി

***by***
***jasim***



# നന്ദി